ENTRI

1 Crore User Downloads

# CURRENT AFFAIRS

## 07 NOV 2024



ഡൊണാൾഡ് ട്രംപ്



കമല ഹാരിസ്



ക്വിൻസി ജോൺസ്







എ.കെ. അനിൽ കുമാർ

**യു.എസിന്റെ 47-ാമത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്**

ഡൊണാൾഡ് ട്രംപ്

- തുടർച്ചയായി അല്ലാതെ രണ്ടുതവണ പ്രസിഡന്റാവുന്ന രണ്ടാമത്തെയാളാണ് ട്രംപ്. ഇതിന് മുൻപ് ഗ്രോവൻ ക്ലീൻ ലൻഡായിരുന്നു ഈ റെക്കോർഡിന് ഉടമ.
- 2016ലാണ് ട്രംപ് ആദ്യമായി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നത്.
- പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർത്ഥിയായ ഡൊണാൾഡ് ട്രംപ് ഒന്നാമതെത്തിയപ്പോൾ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായ കമലാ ഹാരിസ് രണ്ടാം സ്ഥാനത്തെത്തി.

---

**2024 നവംബറിൽ അന്തരിച്ച പ്രമുഖ അമേരിക്കൻ ജാസ് വാദകനും ആൽബം നിർമാതാവും ഗായകനും ഗാനരചയിതാവുമായി വ്യക്തി**

ക്വിൻസി ജോൺസ്

- മൈക്കിൾ ജാക്സന്റെ ത്രില്ലർ ഉൾപ്പെടെ നിരവധി ഹിറ്റ് ആൽബങ്ങൾ നിർമ്മിച്ച ക്യുൻസി 28 ഗ്രാമി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

---

**കൃത്രിമമായി സൂര്യഗ്രഹണം സൃഷ്ടിച്ച് സൂര്യന്റെ കൊറോണയെ കുറിച്ച് പഠിക്കുന്നതിന് വേണ്ടി യൂറോപ്യൻ ബഹിരാകാശ ഏജൻസി രൂപകൽപന ചെയ്ത ദൗത്യം**

പ്രോബ-3

- ഇന്ത്യയിലെ സതീഷ് ധവാൻ ബഹിരാകാശ നിലയത്തിൽ നിന്നാണ് ദൗത്യം വിക്ഷേപിക്കുക.
- ഐഎസ്ആർഒയുടെ പിഎസ്എൽവി-എക്സ്എൽ റോക്കറ്റിലാണ് പ്രോബ-3 ഉപഗ്രഹങ്ങളെ വിക്ഷേപിക്കുക.

---

**സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി അർഹരായ സ്ത്രീകൾക്ക് സൗജന്യ ഗ്യാസ് സിലിണ്ടറുകൾ നൽകുന്ന ദീപം 2.0 പദ്ധതി ആരംഭിച്ച സംസ്ഥാനം**

ആന്ധ്രാപ്രദേശ്

---

**2024 നവംബറിൽ ബെംഗളൂരുവിലെ ഐഎസ്ആർഒ ടെലിമെട്രി, ട്രാക്കിംഗ് ആൻഡ് കമാൻഡ് നെറ്റ്‌വർക്കിന്റെ (ISTRAC) ഡയറക്ടറായി നിയമിതനായത്**

എ.കെ. അനിൽ കുമാർ